# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 10 : ഒക്േടാബർ 2014** — **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** — **ധമ്മഗിരി, ഇഗത്പുരി - 422 403, മഹാരാഷ്ട്ര**


### *ധർമ്മ വാണി*

*ചർച്ചാ ഹീ ചർച്ചാ കരേ,*
*ധാരൺ കരേ ന കോയ്,*
*ധർമ്മ് ബിചാരാ ക്യാ കരേ?*
*ധാരേ ഹീ സുഖ് ഹോയ്.*

ചർച്ചകൾ, ചർച്ചകൾ മാത്രം ചെയ്യും,
ധാരണം ചെയ്യുന്നില്ലാരും,
ധർമ്മം പാവം എന്ത് ചെയ്യും
ധാരണമെങ്കിൽ സുഖമാകും.

— **എസ. എൻ. ഗോയങ്ക**

## ആന്തരികശാന്തിയുടെ ദൂതൻ : സത്യനാരായൺ ഗോയങ്ക

(വിപശ്യനാ newsletter, International edition, vol. 40, No. 3, Oct.2013 continued from previous issue)

### ഇൻഡ്യയിൽ നിന്നും ലോകത്തിലേക്ക്

സമയം പാകമായിരിക്കുന്നു എന്ന് ഗോയങ്കാജിക്കു മനസ്സിലായി. പഴയ പ്രവചനം പൂർത്തിയാകുന്ന സമയം. മ്യാൻമറിൽ നിന്നും ധർമ്മം ഇൻഡ്യയിലെത്തുമെന്നത് യാഥാർത്ഥ്യമായിരിക്കുന്നു. ഇൻഡ്യയിൽ നിന്നും അതു ലോകം മുഴുവനും വ്യാപിക്കുമെന്ന പ്രവചനത്തിന്റെ ബാക്കിഭാഗം കൂടിയുണ്ട്. ആ ജോലി ഇനിയും പൂർത്തിയാകണം.

അത് ഏറ്റെടുക്കുന്നതിനു മുമ്പായി മറ്റൊരു വിഷയം കടന്നുവന്നു. വിദേശത്തേക്ക് പോകണമെങ്കിൽ പല രാജ്യങ്ങളിലൂടെയും പോകണം. മ്യാൻമറിൽ നിന്നും തനിക്കു കിട്ടിയിരിക്കുന്നത് ഇൻഡ്യയിലേക്കു വരാനുള്ള പാസ്പോർട്ടു മാത്രം. മറ്റു രാജ്യങ്ങളിൽ പോകാനുള്ള അനുവാദത്തിനുവേണ്ടി ശ്രമിച്ചെങ്കിലും ഫലം കിട്ടിയില്ല. മനസ്സില്ലാമനസ്സോടെ അദ്ദേഹത്തിന് ഇൻഡ്യൻ പൗരത്വവും പാസ്പോർട്ടും എടുക്കേണ്ടിവന്നു. അങ്ങനെ സ്വന്തം വീടെന്നുകരുതിയ ആ നാടിനോടുള്ള ബന്ധം ഒന്നുകൂടി അറ്റുപോയി. പക്ഷെ, ഒരു ധർമ്മദൂതൻ എന്ന നിലയിൽ അതല്ലാതെ മറ്റു മാർഗ്ഗമില്ലായിരുന്നു.

ഇൻഡ്യൻ പൗരത്വവും പാസ്പോർട്ടും കിട്ടുക അത്ര എളുപ്പമല്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തിനത്ഭുതം തോന്നി. രഹസ്യാന്വേഷകർ ധർമ്മിഗിരിയിൽ വരുന്നു, ഗോയങ്കാജി എന്താണു ചെയ്യുന്നതെന്നു നിരീക്ഷിക്കുന്നു. പൗരത്വത്തിനുള്ള ഓരോ പടിയിലും കാലതാമസം വരുന്നു. അവസാനം തടസ്സങ്ങളെല്ലാം മാറി. അദ്ദേഹം പത്നീസമേതം പാരീസിലേക്കുള്ള വിമാനം കയറി. കൃത്യമായി പറഞ്ഞാൽ മ്യാൻമറിൽ നിന്നും ഇൻഡ്യയിലെത്തി പത്തു വർഷം പൂർത്തിയായ ദിവസം!

ആ വർഷം ഫ്രാൻസിൽ രണ്ടും ക്യാനഡായിൽ ഒന്നും യു.കെ. യിൽ രണ്ടും കോഴ്സുകൾ അദ്ദേഹം നടത്തി. പഴയ സാധകർ ധാരാളമായി അദ്ദേഹത്തിന്റെയടുത്തെത്തി. വിപസ്സനയെക്കുറിച്ചു കേട്ടിട്ടുപോലുമില്ലാത്തവരും ധാരാളം വന്നു. തുടർന്നുള്ള ശീതകാലത്ത് അവരിൽ കുറേപ്പേർ ധർമ്മഗിരിയിലെത്തി. പിന്നീട്, രണ്ടു ദശാബ്ദക്കാലത്തേക്ക് അതൊരു പതിവായി.

എല്ലാവർഷവും ഗോയങ്കാജിയും വിദേശത്തു പോയിരുന്നു. അദ്ദേഹം യൂറോപ്പ്, വടക്കേ അമേരിക്ക, ജപ്പാൻ, തായ്വാൻ, ആസ്ത്രേലിയ, ന്യൂസിലൻണ്ട്, ശ്രീലങ്ക, തായ്ലാൻണ്ട്.....അങ്ങനെ മ്യാൻമറിലും ക്രമേണ എത്തി. 1990 ൽ ജന്മദേശം വിട്ടതിനുശേഷമുള്ള ആദ്യത്തെ തിരിച്ചുവരവ്. മേൽപ്പറഞ്ഞ നാടുകളിലെല്ലാം ധാരാളം വിപസ്സനാകേന്ദ്രങ്ങളും സ്ഥാപിതമായി. അവയെല്ലാം ഗോയങ്കാജി പഠിപ്പിച്ചതുപോലെയുള്ള വിപസ്സനയുടെ അഭ്യസനത്തിനും പരിശീലനത്തിനും വേണ്ടി സമർപ്പിതമായിരുന്നു.

ഗോയങ്കാജിയുടെ ദൗത്യം ഒരു വൻ കുതിച്ചുചാട്ടം നടത്തിയെങ്കിലും പുതിയൊരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടതായി വന്നു. വിപസ്സനയഭ്യസിക്കുവാൻ ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണം വളരെ കൂടുതൽ. എല്ലാവരേയും എങ്ങനെ പഠിപ്പിക്കും? എല്ലാ കോഴ്സുകളും ഗോയങ്കാജി തന്നെയാണ് എടുക്കുന്നത്. എത്രയധികം പേരെ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണെങ്കിലും അതിനു പരിധിയുണ്ട്. അതിനുള്ള ഉത്തരം ഒന്നേയുള്ളു. അസിസ്റ്റന്റ് ടീച്ചർമാരെ നിയമിക്കുക.

1991 അവസാനം മുതൽ അതിനുവേണ്ടി പ്രത്യേക പരിശീലനം കൊടുത്തു കുറേപ്പേരെ നിയമിച്ചു. അദ്ദേഹം പഠിപ്പിക്കുന്നതിന്റെ റിക്കോർഡു ചെയ്ത സാമഗ്രികളുപയോഗിച്ച്, അദ്ദേഹത്തെ പ്രതിനിധീകരിച്ച്, കോഴ്സുകൾ നടത്തണം. അങ്ങനെ ആദ്യമായി ഒരു സഹാദ്ധ്യാപകൻ വഴി കോഴ്സ് നടത്തപ്പെട്ടത് ബോ

ധ്ഗയായിലെ ബർമ്മീസ് വിഹാരത്തിലെ തീർത്ഥാടകരുടെ ഗസ്റ്റ്ഹൗസിൽ വച്ചായിരുന്നു. ഗോയങ്കാജി തന്നെ ഏറെസമയം ചിലവഴിച്ചിട്ടുള്ള സ്ഥലം. മാസങ്ങൾക്കകം ലോകത്തിന്റെ നാനാഭാഗത്തും കോഴ്സുകൾ നൽകപ്പെട്ടു. ഇന്ന് നൂറുകണക്കിനു സഹാദ്ധ്യാപകന്മാരുണ്ട്. ഓരോ വർഷവും ഒന്നര ലക്ഷത്തോളം പേർക്ക് ഏകദേശം 2500 കോഴ്സുകൾ അവർ നടത്തുന്നു. 150 ഓളം സ്ഥിരം സെന്ററുകളും മറ്റു താത്കാലികസൗകര്യങ്ങളും ഉപയോഗിച്ചാണ് ഇതു നടത്തപ്പെടുന്നത്. 1994 മുതൽ കൂടുതൽ അനുഭവപരിജ്ഞാനമുള്ള സഹാദ്ധ്യാപകരെ പൂർണ്ണ അദ്ധ്യാപകരായി നിയമിച്ചു. അവർ മുന്നൂറോളം പേരുണ്ട്. അവരാണ് കോഴ്സുകൾ, സെന്ററുകൾ മുതലായ കാര്യങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നത്.

സഹാദ്ധ്യാപകരെ നിയമിച്ചതിലൂടെ മറ്റുചില വൻപദ്ധതികളിലേക്കും ശ്രദ്ധ തിരിക്കാൻ ഗോയങ്കാജിക്ക് സാധിച്ചു. പൊതുവേദികളിൽ പ്രത്യക്ഷപ്പെടുന്നതിനും പ്രഭാഷണങ്ങൾ നടത്തുന്നതിനും അദ്ദേഹം കൂടുതൽ സമയം കണ്ടെത്തി. ഉദാഹരണത്തിന്, സ്വിറ്റ്സർലണ്ടിലെ ദാവോസിൽ നടന്ന 2000–ലോക സാമ്പത്തിക ഫോറത്തിൽ പങ്കെടുത്തതും മറ്റും.

കൂടാതെ, വിപസ്സനാ റിസർച്ച് ഇൻസ്റ്റിറ്റ്യൂട് സ്ഥാപിച്ചു. ആ സ്ഥാപനമാണ് പാലിഭാഷയിലുള്ള ത്രിപിടക പൂർണ്ണമായും പുറത്തിറക്കിയത്. ബുദ്ധന്റെ സ്വന്തം ഭാഷയിലുള്ള ഉപദേശങ്ങൾ മുഴുവനുമുള്ളതാണ് ത്രിപിടിക. സ്വന്തമായ ലിപിയില്ലാത്ത ആ ഭാഷ മിക്ക ഭാഷക്കാർക്കും അവരവരുടെ ലിപിയിലൂടെ വായിക്കാവുന്ന തരത്തിലാണ് സൗജന്യവിതരണത്തിനായി അതു തയ്യാറാക്കപ്പെട്ടിരിക്കുന്നത്.

ഡൽഹിയിലെ തിഹാർ ജയിൽ പോലുള്ള വൻജയിലുകളിലും അതുപോലുള്ള പല തിരുത്തൽസ്ഥാപനങ്ങളിലും വിപസ്സനാകോഴ്സുകൾ നടത്താനുള്ള പദ്ധതി തയ്യാറാക്കി. 1994 ൽ ഗോയങ്കാജി നേരിട്ടാണ് ആയിരം പേരുടെ വിപസ്സനാധ്യാനം തിഹാർ ജയിലിൽ നടത്തിയത്. കുട്ടികളുടെ കോഴ്സുകൾക്കുള്ള പരിപാടികളും തയ്യാറാക്കി.

മുംബൈയുടെ പ്രാന്തപ്രദേശത്ത് ആഗോളവിപസ്സനപഗോഡ നിർമ്മിക്കുന്നതിനുള്ള പ്രേരണയും നൽകി. യാംഗൂണിലുള്ള ഷേഡഗോൺ പഗോഡയുടെ അൽപ്പം ചെറിയ പതിപ്പാണ് അത്. അനേകരെ ബുദ്ധന്റെ ഉപദേശങ്ങളിൽ ആകൃഷ്ടരാക്കുകയാണ് അതിന്റെ പിന്നിലെ ഉദ്ദേശ്യം. അതിനുപുറമെ വിപസ്സനയെന്ന സമ്മാനം ഇൻഡ്യക്കു നൽകിയതിന് മ്യാൻമറിനും സായാജീ ഉ ബാ ക്കിനും നന്ദി സൂചിപ്പിക്കുന്ന, എന്നും നിലനിൽക്കുന്ന, പ്രതീകം കൂടിയാണ് പ്രസ്തുത പഗോഡ.

വർഷങ്ങൾ പിന്നിട്ടപ്പോൾ അദ്ദേഹത്തിന്റെയടുത്തേക്ക് ബഹുമതികളുടെയും അവാർഡുകളുടെയും പ്രവാഹമായി. 'ജ്ഞാനസാഗരം', 'ധർമ്മത്തിന്റെ ദീപവാഹകൻ', 'ബുദ്ധതത്വത്തിന്റെ ഗുരുവരൻ', 'വിപസ്സനയുടെ ഗൃഹസ്ഥനായ ലോകമഹാ അധ്യാപകൻ' അങ്ങനെ പല പദവികളും ബഹുമതികളും. മ്യാൻമറിലെയും ശ്രീലങ്കയിലെയും സർക്കാരുകൾ അദ്ദേഹത്തെ രാഷ്ട്രത്തിന്റെ അതിഥിയായി ക്ഷണിച്ചു. 2012 ൽ ഇൻഡ്യാ ഗവണ്മെന്റ് അദ്ദേഹത്തിന് ഏറ്റവും ഉയർന്ന സൈനികേതരബഹുമതിയായ പത്മഭൂഷൺ നൽകി ആദരിച്ചു. ഇവയെല്ലാം ധർമ്മത്തിനു കിട്ടുന്ന ബഹുമതികളാണെന്ന് ഗോയങ്കാജി ഊന്നിപ്പറഞ്ഞിരുന്നു.

## അവസാനവർഷങ്ങൾ

അവസാനവർഷങ്ങളിൽ അദ്ദേഹത്തിന്റെ ആരോഗ്യനില മോശമായിക്കൊണ്ടിരുന്നു. പ്രകമ്പനം കൊള്ളിക്കുന്ന ശ്രേഷ്ഠമായ അദ്ദേഹത്തിന്റെ സ്വരം ക്ഷീണിച്ചതായി. വീൽചെയറിലേക്കൊതുങ്ങിയ അദ്ദേഹത്തിന് ഏറെനേരം സംസാരിക്കാൻ ആവതില്ലാതായി. എന്നുകരുതി രോഗത്തിന്റെയും വാർദ്ധക്യത്തിന്റെയും പീഡകൾ മൂലം അദ്ദേഹം തന്റെ കർത്തവ്യം മാറ്റിവച്ചില്ല. ആവുന്നതുപോലെ ധർമ്മം പഠിപ്പിക്കുകയും അതു പരിശീലിക്കാൻ പ്രോത്സാഹിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു.

യശസ്സ് വർദ്ധിക്കയും ആദരവോടെ അദ്ദേഹത്തെ ആളുകൾ കാണുകയും ചെയ്തപ്പോൾ കുറച്ചുപേർ പരമ്പരാഗതഇൻഡ്യൻഗുരുവിനെപ്പോലെ അദ്ദേഹത്തോടു പെരുമാറാൻ തുടങ്ങി. അദ്ദേഹം നിരസിച്ച ഒരു റോളായിരുന്നു അത്. ഗോയങ്കാജി ഗ്ലോബൽ പഗോഡയിലെത്തുമ്പോൾ ആളുകൾ ഒന്നു തൊടുന്നതിനുവേണ്ടി അദ്ദേഹത്തിനു ചുറ്റും കൂടുമായിരുന്നു. അദ്ദേഹത്തിനു മാന്ത്രികശക്തിയുണ്ടെന്നും അതിൽ നിന്നും എന്തെങ്കിലും കിട്ടുമെന്നും അവർ കരുതിയിരുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾ അദ്ദേഹത്തെ അസ്ഥാളിപ്പിച്ചിരുന്നു. എന്തെന്നാൽ അത്തരം പണികളൊന്നും ഒരു ധർമ്മദൂതനു ചേരുന്നതല്ല.

'ഞാനൊരു സാധാരണ മനുഷ്യൻ മാത്രം' എന്ന ദ്ദേഹം 2002 ൽ ന്യുയോർക്കിലെ ഒരു പ്രസംഗം കഴിഞ്ഞയുടനെ പറയുകയുണ്ടായി. ഇൻഡ്യയിൽ അദ്ധ്യാപകനെ ഗുരുജി എന്നു വിളിക്കാറുണ്ട്. ഗോയങ്കാജിയുടെ ശിഷ്യന്മാർ സ്നേഹപുരസരം ഗുരുജി എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. എന്നാൽ ഒരു സ്ഥാനപ്പേര് എന്ന നിലയിൽ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത് പരമ്പരാഗതമായി പാലി ഭാഷയിൽ ഉപയോഗിച്ചിരുന്ന 'കല്യാണ–മിത്ത' (ക്ഷേമത്തിനായുള്ള മിത്രം) എന്ന സംബോധനയാണ്.

ഫോട്ടോ എടുക്കുന്നതിൽ നിന്നും തന്റെ ശിഷ്യന്മാരെ വിലക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. തന്റെ നേരേ ക്യാമറാ ഉന്നം പിടിക്കുമ്പോൾ അദ്ദേഹം തമാശരൂപേണ പറയുമായിരുന്നു: 'എന്താ, ഇനിയും എന്റെ പടം ആവശ്യത്തിനായില്ലേ?' തമാശകൾപ്പുറം, ഏതെങ്കിലും ധ്യാനഹാളിലോ വിപസ്സനാധ്യാനം നടക്കുന്ന പൊതുഭാഗത്തോ അദ്ദേഹത്തിന്റെ ഫോട്ടോ വയ്ക്കുവാൻ അനുവാദമില്ലായിരുന്നു. ബോധി (സാക്ഷാത്കാരം) കിട്ടിയോ എന്ന ചോദ്യത്തിന് കിട്ടുന്ന മറുപടി: 'എത്രമാത്രം എന്റെ മനസ്സ് അരിശം വെറുപ്പ് ദുഷിപ്പ് എന്നിവയിൽ നിന്നും മുക്തമായിട്ടുണ്ടോ, അത്രമാത്രം ബോധോദയം എനിക്കു കിട്ടിയിട്ടുണ്ട്.' സാക്ഷാത്കാരത്തിന്റെ ഏതെങ്കിലും പ്രത്യേക അവസ്ഥയിൽ എത്തിയിട്ടുള്ളതായി ഒരിക്കലും അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. 'എന്നിൽ നിന്നും പഠിക്കുവാൻ വരുന്നവരേക്കാൾ ഞാൻ കുറച്ചുചുവടുകൾക്കു മുന്നിലെത്തി' എന്നാണദ്ദേഹം പറഞ്ഞിരുന്നത്.

ഓരോ ധ്യാനവും കഴിയുമ്പോൾ ആളുകൾ വന്ന് അദ്ദേഹത്തിനു നന്ദി പറയുക പതിവായിരുന്നു. അതിനുള്ള മറുപടി ഇങ്ങനെ: ''ഞാൻ വെറുമൊരു ഉപകരണം മാത്രം. ധർമ്മത്തിനു നന്ദി പറയുക. നല്ലതുപോലെ കഠിനാദ്ധ്വാനം ചെയ്തതിന് തന്നോടുതന്നെയും നന്ദി പറയുക.''

2010 ൽ അദ്ദേഹം പറഞ്ഞു: ''ധർമ്മം എത്തിച്ച ആളെക്കഴിഞ്ഞും പ്രധാനി ഉ ബാ ക്കിൻ ആണ്. പണ്ട്, അശോകചക്രവർത്തി അന്യദേശങ്ങളിലേക്കയച്ച ധർമ്മദൂതന്മാരുടെ പേരുകൾ ഇപ്പോൾ സ്മരണയിലില്ല. അതുപോലെ ബുദ്ധോപദേശങ്ങളുടെ ഈ പുതിയ ഘട്ടത്തിൽ ആളുകൾ സ്മരിക്കേണ്ടത് ഉ ബാ ക്കിനെയാണ്.'' ആളുകൾ തന്നെ ഓർമ്മിക്കുമോ എന്നത് അദ്ദേഹം കാര്യമാക്കിയില്ല. എന്നിരുന്നാലും ഗോയങ്കാജിയെ അറിഞ്ഞവർക്ക് അദ്ദേഹം അവിസ്മരണീയനാണ്.

വർഷങ്ങൾക്കു മുമ്പ് ഉ ബാ ക്കിൻ പറഞ്ഞു: ''വിപസ്സനയുടെ ഘടികാരം ഇപ്പോൾ ശബ്ദിച്ചിരിക്കുന്നു.'' ലോകത്തിന്റെ വിവിധഭാഗങ്ങളിലെ ധാരാളമാളുകൾക്ക് ആ സന്ദേശമെത്തിച്ചത് സത്യനാരായൺ ഗോയങ്കയായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അദ്ദേഹം ധർമ്മത്തിന്റെ ജീവനുള്ള മൂർത്തീഭാവമായിരുന്നു. ജ്ഞാനത്തിന്റെയും വിനയത്തിന്റെയും കരുണാർദ്രതയുടെയും നിസ്വാർത്ഥതയുടെയും സമഭാവത്തിന്റെയും സജീവസാക്ഷാത്കാരം.

ധർമ്മത്തിന്റെ മാധുര്യത്തെക്കുറിച്ചാണ് അദ്ദേഹം മിക്കപ്പോഴും സംസാരിച്ചത്. ആ മാധുര്യം ഇനിയും ദീർഘകാലം നിലനിൽക്കും. ധ്യാനഹാളിൽ നിന്നും പോയശേഷവും 'സബ്കാ മംഗളം....' ("May all be happy... be happy ...be happy.")എന്ന ആ മധുരഗംഭീരധ്വനി തുടർന്നും മുഴങ്ങുന്നതുപോലെ.

**താക്കോൽക്കൂട്ടം**

ഓരോ ദശദിനശിബിരത്തിന്റെയും അവസാനത്തിൽ അദ്ദേഹം പറയുന്ന ഒരു കഥയുണ്ട്. അതിവിടെ ചുരുക്കിപ്പറയുകയാണ്.

''ഇതു ഞങ്ങളുടെ നാട്ടിലെ ഒരു കഥയാണ്. കഴിഞ്ഞ പത്തു ദിവസമായി കഥകൾ പലതും നിങ്ങൾ കേട്ടുകൊണ്ടിരിക്കയാണ്. ഒരുപക്ഷേ, നിങ്ങളുടെ ഈ ടീച്ചർ കഥ പറയുന്നതിൽ ആസക്തിയുള്ളവനായിരിക്കാം. അതു കേട്ടുകേട്ട്, കേൾക്കാനുള്ള ആസക്തി നിങ്ങൾക്കും പിടിപെട്ടുകാണും. അതുകൊണ്ട്, പിരിഞ്ഞുപോകുന്നതിനു മുമ്പായി ഒരു കഥ കൂടി:

ഞങ്ങളുടെ നാട്ടിൽ വളരെ പ്രായമായ ഒരു ധനികനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വയോവൃദ്ധ മരിച്ചുപോയി. അവിടെ, ഒരുപക്ഷെ ഇവിടെയും, വീട്ടുകാര്യങ്ങളുടെയെല്ലാം ഉടമസ്ഥ വീട്ടുകാരിയാണ്. പണം, ആഭരണം, വസ്തുവകകൾ എല്ലാം അവരുടെ ഉത്തരവാദിത്വത്തിലായിരിക്കും. ഒരു താക്കോൽക്കൂട്ടവും അവരുടെ പക്കലുണ്ടാവും. എന്തു ചെയ്യാം, വൃദ്ധന്റെ ഭാര്യ മരിച്ചുപോയി. അതൊരു കൂട്ടുകുടുംബമായിരുന്നു. നാലുമക്കളും അവരുടെ ഭാര്യമാരും. ആരെയും താക്കോൽ ഏൽപ്പിക്കാതെ ഭാര്യ പോയതുകൊണ്ട് താക്കൊൽക്കൂട്ടം അവരിലൊരാളെ ഏൽപ്പിക്കണം. എല്ലാവർക്കും കൊടുക്കാൻ പറ്റത്തില്ല. ഒരാളെ കണ്ടെത്തണം. അതുകൊണ്ട് അദ്ദേഹം അവരെയെല്ലാം വിളിച്ചുകൂട്ടി. 'നിങ്ങൾക്കു ഞാൻ ഒരു പരീക്ഷ തരികയാണ്. അതിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നയാൾക്കുള്ളതാണ് ഈ താക്കോൽക്കൂട്ടം.'

എന്താണ് ആ പരീക്ഷ? അയ്യഞ്ചു ധാന്യമണികൾ വീതം ഓരോ മരുമകൾക്കും കൊടുത്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'നാലു വർഷം കഴിയുമ്പോൾ ഞാൻ തിരിച്ചുവരും. നിങ്ങൾ ഈ ധാന്യമണികൾ സൂക്ഷിക്കണം. അഞ്ചു ധാന്യമണികളെപ്പോലും പരിരക്ഷിക്കാൻ കഴിയുകയില്ലെങ്കിൽ പിന്നെ എങ്ങനെ നിങ്ങളെ പണവും പണ്ടവും പത്തായവും മറ്റും ഏൽപ്പിക്കും? ഇതാണ് നിങ്ങൾക്കുള്ള എന്റെ പരീക്ഷ.' വൃദ്ധൻ നാടുവിട്ടു.

ഏറ്റവും മൂത്ത മരുമകൾ ചിന്തിച്ചു: 'വയസ്സനു വട്ടായോ? ഒരു വിലയുമില്ലാത്ത ഈ അഞ്ചു ധാന്യമണികളെക്കുറിച്ചു ഞാനെന്തിനു ചിന്തിച്ചു വിഷമിക്കണം! എടുത്തു ദൂരേയ്ക്കെറിയാം. അയാൾ വരുമ്പോൾ പത്തായത്തിൽ നിന്നും അഞ്ചെണ്ണമെടുത്ത് 'ഇതാ നിങ്ങളുടെ അഞ്ചു മണികൾ' എന്നു പറഞ്ഞ് അതു കൊടുക്കാം. അവൾ ആ ധാന്യമണികൾ എറിഞ്ഞുകളഞ്ഞു.

രണ്ടാമത്തവൾ ചിന്തിച്ചു: 'അതെ, നാലു വർഷം ഈ ധാന്യമണികളെക്കുറിച്ചു വിചാരിച്ചുകൊണ്ടിരിക്കുന്നതു നന്നല്ല. ഒരുപക്ഷേ, ഈ മണികൾക്ക് എന്തെങ്കിലും വിശേഷഗുണമോ അത്ഭുതശക്തിയോ മാന്ത്രികവരമോ ഉണ്ടായിരിക്കാം. നാലു വർഷം കഴിയുമ്പോൾ അദ്ദേഹം വന്ന് 'കൊള്ളാം, നീ ഇതു ഭക്ഷിക്കുക' എന്നു പറഞ്ഞേക്കാം. അതു തിന്നുമ്പോൾ എനിക്ക് എന്തെങ്കിലും സൗഭാഗ്യം കിട്ടും. അതുകൊണ്ട് ഇതു കളയാൻ പാടില്ല. ഇപ്പോൾതന്നെ കഴിച്ചുകളയാം. അദ്ദേഹം വരുമ്പോൾ വേറെ അഞ്ചെണ്ണം കൊടുക്കാം.' അവൾ ആ ധാന്യം വിഴുങ്ങി.

മൂന്നാമത്തവൾക്കു താക്കോൽക്കൂട്ടത്തിനോടു വലിയ താത്പര്യമായിരുന്നു. അവൾ അതു ദേവന്മാരുടെ പ്രതിമകളിരിക്കുന്ന മുറിയിൽ കൊണ്ടുപോയി ഭദ്രമായി വച്ചു. ഓരോ ദിവസവും മൂർത്തികളെ വന്ദിക്കാൻ ചെല്ലുമ്പോൾ ധാന്യമണികൾ അവിടെയുണ്ടോ എന്നു പരിശോധിക്കും. അങ്ങനെ നാലുവർഷവും അവളതിനെ സൂക്ഷിച്ചു.

നാലാമത്തവൾ ആ അഞ്ചു ധാന്യമണികളും എടുത്ത് വീടിന്റെ പുറകിൽ കിളച്ചൊരുക്കി നട്ടു. അതിന്റെ ഫലം പാകമായപ്പോൾ ഓരോ മണിയിൽ നിന്നും അഞ്ഞൂറു വീതം കിട്ടി. അടുത്ത വർഷം അതു മുഴുവൻ നട്ടു. വീണ്ടും അഞ്ഞൂറുമേനി. അങ്ങനെ നാലു വർഷവും കഴിഞ്ഞു. ടൺ കണക്കിനുള്ള ധാന്യശേഖരമായി.

വൃദ്ധൻ തിരിച്ചെത്തി. എല്ലാവരെയും വിളിച്ചു. ഓരോ മരുമക്കളും അവരവരുടെ ന്യായങ്ങൾ നിരത്തി. നാലാമത്തവളുടെ ഊഴം വന്നപ്പോൾ അവൾ പറഞ്ഞു: 'ധാന്യം വർദ്ധിച്ചിരിക്കുന്നു. ധാന്യപ്പുരകൾ നിറഞ്ഞിരിക്കുന്നു. പണിക്കാരെ വിളിച്ചുവരുത്തി ധാന്യം എടുത്തുകൊള്ളുക.' വൃദ്ധനു സന്തോഷമായി. അവൾ ധാന്യം സൂക്ഷിക്കുക മാത്രമല്ല, വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഇതാ, ഈ വൃദ്ധനും നിങ്ങൾക്ക് ധർമ്മത്തിന്റെ അഞ്ചു മണികൾ തന്നിരിക്കുന്നു. അതു നിങ്ങൾ സൂക്ഷിച്ചാൽ മാത്രം പോര, വർദ്ധിപ്പിക്കുകയും ചെയ്യണം. താക്കോൽക്കൂട്ടം എന്റെ കൈയ്യിലും അല്ല. അതിപ്പോൾ നിങ്ങളുടെ പക്കലാണ്. ധർമ്മത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ കവാടങ്ങൾ നിങ്ങൾക്കു തുറക്കാനാവും. അത് ആസ്വദിക്കുക. നിങ്ങളുടെയുള്ളിലെ ബ്രഹ്മലോകത്തിന്റെ ഗേറ്റുകൾ തുറക്കുക, അത് ആസ്വദിക്കുക. ഉള്ളിലെ നിർവ്വാണികശാന്തിയുടെ വാതിലുകൾ തുറക്കുക, അത്

ആസ്വദിക്കുക. ധർമ്മത്തിൽ വളർന്നുകൊണ്ടിരിക്കുക, വളർന്നുകൊണ്ടിരിക്കുക. ആരെയും അനുസരിക്കാനല്ല, സ്വന്തം ഹിതത്തിനായി, സ്വന്തം സുഖത്തിനായി. അതുപോലെ എല്ലാവരുടെയും ഹിതത്തിനായി, എല്ലാവരുടെയും സുഖത്തിനായി. ബഹുജനഹിതായ, ബഹുജനസുഖായ.''

**ആന്തരികശാന്തിയുടെ ദൂതൻ സത്യനാരായൺ ഗോയങ്ക** – ബിൽ ഹാർട് ( **"The Art of Living"** എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ബിൽ ഹാർട് വിപസ്സനയുടെ അദ്ധ്യാപകൻ കൂടിയാണ്.)

…………………